**പ്രസിദ്ധീകരണത്തിന്**

28.10.2021 വ്യാഴാഴ്ച രാവിലെ 11.30-ന് എൻ.എസ്.എസ്. ആസ്ഥാനത്തുവച്ച് നടക്കുന്ന ബാലൻസ് ഷീറ്റ് പൊതുയോഗത്തിന്റെ കാര്യപരിപാടി ഉൾപ്പെടെയുള്ള ക്ഷണക്കത്തും ബാലൻസ് ഷീറ്റും 6.10.2021-ൽ ബന്ധപ്പെട്ട എല്ലാ എൻ.എസ്.എസ്.പ്രതിനിധിസഭാംഗങ്ങൾക്കും സ്പീഡ്പോസ്റ്റ് വഴി അയച്ചിരുന്നു. എന്നാൽ, കോവിഡ് 19 പ്രതിരോധത്തിനായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ ഇപ്പോഴും നിലനില്ക്കുന്നതിനാൽ കേന്ദ്രസർക്കാരിന്റെ മിനിസ്ട്രി ഓഫ് കോർപ്പറേറ്റ് അഫയേഴ്സിന്റെ സർക്കുലറുകൾ അനുസരിച്ച് പ്രസ്തുത യോഗം ഓൺലൈൻ വീഡിയോ കോൺഫറൻസിലൂടെ അന്നേദിവസം അതേ കാര്യപരിപാടിക്ക് അനുസൃതമായി അതേസമയംതന്നെ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. താലൂക്ക് യൂണിയനുകളിൽ ഒരുക്കിയിട്ടുള്ള വീഡിയോ കോൺഫറൻസിലൂടെ എൻ.എസ്.എസ്. ഹെഡ് ഓഫീസിൽ ഓൺലൈനായി സജ്ജീകരിക്കുന്ന പ്രസ്തുത പൊതുയോഗത്തിൽ പ്രതിനിധിസഭാംഗങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്.

പെരുന്ന
26.10.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി